**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 503** **02-02-2023 - ൽ മറുപടിയ്ക്ക്**

**സ്പാർക്ക് മുഖേനയുള്ള ശമ്പളവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്പാർക്ക് സംവിധാനത്തിലൂടെ അല്ലാതെ ശമ്പളം ലഭിക്കുന്ന ജീവനക്കാർ ഡെപ്യൂട്ടേഷൻ സംവിധാനത്തിൽ പോകുമ്പോൾ അവർക്ക് സ്പാർക്ക് മുഖേന ശമ്പളം നൽകുന്നതിന് അപേക്ഷകൾ ലഭിക്കാറുണ്ടോ; എങ്കിൽ ടി വിഷയം കൈകാര്യം ചെയ്യുന്നത് എങ്ങനെയാണെന്ന് അറിയിക്കാമോ; | (എ) | സ്പാർക്ക് സംവിധാനത്തിലൂടെ അല്ലാതെ ശമ്പളം ലഭിക്കുന്ന ജീവനക്കാർ സ്പാർക്ക് വഴി ശമ്പളം മാറുന്ന ഓഫീസിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ സ്പാർക്ക് വഴി ശമ്പളം മാറുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ട്. ടി ജീവനക്കാർ സ്പാർക്ക് ഇല്ലാത്ത ഓഫീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ ശമ്പളം മാറി നൽകുന്നതിൻറെ ചുമതല ടി ഓഫീസിൻറെ ഡി ഡി ഓ യ്ക്കാണ്. ഇത് സംബന്ധിച്ച് അപേക്ഷകൾ ഒന്നും തന്നെ സ്പാർക്ക് (പിഎം.യു) ഓഫീസിൽ ലഭ്യമായിട്ടില്ല. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പിലെ ഏകീകരണത്തിന്റെ ഭാഗമായി നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് മുഖേന ശമ്പളം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | നഗരസഭാ ജീവനക്കാർക്ക് ജി -സ്പാർക്ക് എന്ന സംവിധാനത്തിലൂടെ ശമ്പളം മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ